ആത്മഹത്യകളും, കൊലപാതകങ്ങളും

* 288. [2] †ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരിമാസം മുതൽ ഡിസംബർ അവസാനതീയതിവരെ സ്റ്റേറ്റിൽ നടന്നിട്ടുള്ള ആത്മഹത്യകളും, സംശയകരമായ മരണങ്ങളും കൃത്രിക്കൊലകളും ഇവ എത്ര വീതം എന്നു പറയുവാൻ ദയവുണ്ടാകുമോ ;

(ബി) സ്റ്റേറ്റിൽ തൊഴിൽ ഇല്ലായ്മകാരണം ആത്മഹത്യ ചെയ്ത സ്ത്രീകളുടെ ഭർത്താക്കന്മാരിലാളികളും എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1963 ജനുവരി മാസംമുതൽ ഡിസംബർ അവസാനതീയതിവരെ സ്റ്റേറ്റിൽ നടന്നിട്ടുള്ള ആത്മഹത്യകൾ 1,438

സംശയകരമായ മരണങ്ങൾ 18

കൃത്രിക്കൊലകൾ 182

(ബി) രണ്ടു്.

ശ്രീ. പി. രവീന്ദ്രൻ : സംശയകരമായ മരണത്തെപ്പറ്റി അന്വേഷണം നടത്തിയതിൽ ഏതെങ്കിലും മരണം കൊലപാതകമാണെന്നതെളിഞ്ഞിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : ഈ പറയുന്ന കേസ്സുകളും അന്വേഷണം നടത്തിവരുന്നവയാണു്. അന്വേഷണം നടത്തിയതിനുശേഷം ചിലപ്പോൾ സംശയകരമായ കൊലപാതകമാണെന്നു തെളിയാറുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : തലശ്ശേരിയിൽ ഈയ്യിടെ നടന്ന ഒണക്കൻ കൊലക്കേസ്സു് എന്നുപറയുന്ന കൊലക്കുറ്റം പോലീസു് റഫർചെയ്യുകയും സ്വകാര്യവ്യക്തി കേസ്സു് കൊടുത്തു് പ്രതികളെ ജീവപര്യന്തം തടവിനു ശിക്ഷിക്കുകയും ചെയ്യപ്പെട്ട പരിതഃസ്ഥിതിയെപ്പറ്റി ഗവണ്മെൻറു് അന്വേഷണം നടത്തുന്നുണ്ടോ ? ഏതെങ്കിലും സ്റ്റേറ്റിൽ കൊലക്കുറ്റം ഇങ്ങനെ സ്വകാര്യവ്യക്തി കൊടുക്കേണ്ടതായി വരികയോ അവരെ ശിക്ഷിക്കുകയോ ചെയ്തതായി അറിവുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഈ കേസ്സിനെപ്പറ്റിയുള്ള റിപ്പോർട്ടു് കാണുകയുണ്ടായി. അതേപ്പറ്റി ഗവണ്മെൻറു് അന്വേഷണം നടത്തിവരികയാണു്. ഇത്തരത്തിൽ സ്വകാര്യവ്യക്തികൾ കേസ്സു് കൊടുക്കേണ്ടതായി വരികയോ അതു് ശിക്ഷിക്കാൻ ഇടയാകുകയോ ചെയ്തിട്ടുള്ള കേസ്സുകളെപ്പറ്റി ഇപ്പോൾ പറയുക സാദ്ധ്യമല്ല. അങ്ങനെ സംഭവിച്ചിരിക്കാൻ ഇടയുണ്ടു്.

ശ്രീ. കെ. ഹസ്സൻഗനി: വക്കല പോലീസ് സ്റ്റേഷനടുത്തു് ഈയിടെ ഒരു കൊലപാതകം നടന്നതിനു വല്ല തെളിവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ: അതു് പ്രത്യേകം ചോദ്യമായി ചോദിച്ചാലേ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള: ഒണക്കൻ കൊലക്കേസിന്റെ ജഡ്ജ്മെൻറിൽ അതു് അന്വേഷിച്ച പോലീസുദ്യോഗസ്ഥനെപ്പറ്റി വളരെയധികം നിരൂപണങ്ങളും നടത്തിയിട്ടുണ്ടു്. ആ ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിറുത്തിക്കൊണ്ടു് അതേപ്പറ്റി അന്വേഷണം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: എന്തു് നടപടിയാണു് അവരെ സംബന്ധിച്ചിടത്തോളം എടുക്കേണ്ടതെന്നുള്ള കാര്യം ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

† Put by Shri E. P. Gopalan.

LIBRARY ARCHIVES Kerala Legislative Assembly